# സ്വദേശത്തേക്കു മടങ്ങാനുള്ള ചാർട്ടേഡ് വിമാനങ്ങൾക്ക് പുതുക്കിയ മാനദണ്ഡം (എസ്.ഒ.പി.)

വിദേശ ഇന്ത്യാക്കാരെ മടക്കിക്കൊണ്ടു വരുന്നതിനായി ചാർട്ടേഡ് വിമാനങ്ങൾ ഓപ്പറേറ്റു ചെയ്യുന്നതിനുള്ള എസ്.ഒ.പി. കേന്ദ്രസർക്കാർ ഇനിപ്പറയും പ്രകാരം പുതുക്കി.

1. വിമാനം ചാർട്ടർ ചെയ്യുന്നവർ (സാമൂഹിക സംഘടന/കമ്പനി/കൂട്ടായ്മ...) എയർട്രാൻസ്പോർട്ട്ഓപ്പറേറ്ററെ (എ.റ്റി.ഒ.) കണ്ടെത്തി യാത്രക്കാരുടെയും എത്തിച്ചേരുന്ന സ്ഥലത്തിന്റെയും വിശദാംശങ്ങൾ റിയാദിലെ ഇന്ത്യൻ എംബസിയിലോ, ജിദ്ദയിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയിലോ അറിയിക്കണം.

2. എ.റ്റി.ഒ. ഇന്ത്യയിലെ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനെ നേരിട്ടു ബന്ധപ്പെട്ട് പ്രൊപ്പോസലിന്റെ പകർപ്പും യാത്രക്കാരുടെ വിശദാംശങ്ങളും കൈമാറും.

3. ക്വാറന്റയിൻ ലഭ്യത സംബന്ധിച്ച് സംസ്ഥാന സർക്കാർ പരിശോധന നടത്തും.

4. എ.റ്റി.ഒ. വിമാനത്തിനുള്ള സംസ്ഥാനസർക്കാരിന്റെ രേഖമൂലമുള്ള ക്ലിയറൻസും യാത്രാരേഖകളിൽ എംബസിയുടെ നോ ഒബ്ജക്ഷനും വാങ്ങേണ്ടതാണ്. എ.റ്റി.ഒ. ഫ്ളൈറ്റ് ക്ലിയറൻസിനായി ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനെ ബന്ധപ്പെടേണ്ടതാണ്.

5. വിമാനം പുറപ്പെടുന്നതിനു മുൻപായി എ.റ്റി.ഒ. ഫൈനൽ പാസെഞ്ചർമാനിഫെസ്റ്റ് എംബസി, സൗദിയിലെ കോൺസുലേറ്റ്, ബന്ധപ്പെട്ട സംസ്ഥാന സർക്കാർ എന്നിവർക്ക് നൽകേണ്ടതാണ്.